തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

# ഡി.ലിറ്റ്.
# ബിരുദദാനച്ചടങ്ങ്

ബിരുദദാനവും പ്രഭാഷണവും :
**ശ്രീ ആരിഫ് മുഹമ്മദ് ഖാൻ**
(ബഹു. കേരള ഗവർണർ & ചാൻസലർ)


2021 മാർച്ച് 3, രാവിലെ 11.10 ന്
രംഗശാല, അക്ഷരം കാമ്പസ്, തിരൂർ

ആദരിക്കപ്പെടുന്ന വിശിഷ്ടവ്യക്തികൾ:
**മഹാകവി അക്കിത്തം അച്യുതൻ നമ്പൂതിരി** (മരണാനന്തരബഹുമതി)
**ശ്രീ വടക്കുങ്ങര മുഹമ്മദ്കുട്ടി എന്ന വി.എം. കുട്ടി**
**ശ്രീ സി. രാധാകൃഷ്ണൻ**
**പ്രൊഫ. സ്കറിയ സക്കറിയ**

തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

# ഡി.ലിറ്റ്.
# ബിരുദദാനച്ചടങ്ങ്

ബിരുദദാനം



**ശ്രീ ആരിഫ് മുഹമ്മദ് ഖാൻ**
ബഹു. കേരള ഗവർണർ
& ചാൻസലർ



**ഡോ. അനിൽ വള്ളത്തോൾ**
ബഹു. വൈസ് ചാൻസലർ

മലയാളസർവകലാശാലയുടെ അക്ഷരം കാമ്പസിൽ നടക്കുന്ന വിശേഷാൽ ബിരുദദാനച്ചടങ്ങിൽ ജ്ഞാനപീഠജേതാവും മഹാകവിയുമായ അക്കിത്തം അച്യുതൻ നമ്പൂതിരി (മരണാനന്തര ബഹുമതി), ശ്രീ സി. രാധാകൃഷ്ണൻ, പ്രൊഫ. സ്കറിയ സക്കറിയ, ശ്രീ വി.എം. കുട്ടി എന്നീ വിശിഷ്ട എഴുത്തുകാർക്ക് ഡി.ലിറ്റ്. ബിരുദം നൽകി ആദരിക്കുന്ന മഹനീയചടങ്ങിൽ പങ്കെടുക്കുവാൻ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയ്ക്കുവേണ്ടി വൈസ് ചാൻസലറും നിർവാഹകസമിതിയും ചേർന്ന് അങ്ങയെ സാദരം ക്ഷണിച്ചുകൊള്ളുന്നു.

വാക്കാട്
25.02.2021

വൈസ് ചാൻസലർ

## കാര്യപരിപാടികൾ

2021 മാർച്ച് 3, രാവിലെ 11.10 ന്
രംഗശാല, അക്ഷരം കാമ്പസ്, തിരൂർ

| | |
|---|---|
| 11.10 am | വൈസ് ചാൻസലർ എത്തിച്ചേരുന്നു. |
| 11.15 | ബഹു. ചാൻസലർ എത്തിച്ചേരുന്നു. |
| 11.16 | പൊതുസഭയുടെ പ്രാഥമികയോഗവും ബിരുദം നൽകുന്നതിന് അനുമതിയ്ക്കായുള്ള അപേക്ഷ അവതരിപ്പിക്കലും |
| 11.27 | ബിരുദദാനഹാളിലേക്കുള്ള ഘോഷയാത്ര |
| 11.30 | ദേശീയഗാനം |
| 11.32 | ബിരുദദാനപ്രഖ്യാപനം |
| 11.35 | ബിരുദം നൽകൽ |
| 12.00 noon | ബിരുദസ്വീകരണപ്രഭാഷണം<br>1. ജ്ഞാനപീഠജേതാവും മഹാകവിയുമായ അക്കിത്തം അച്യുതൻ നമ്പൂതിരിക്കുവേണ്ടി സ്വീകർത്താവ്<br>2. ശ്രീ സി. രാധാകൃഷ്ണനുവേണ്ടി പ്രതിനിധി<br>3. ശ്രീ വടക്കുങ്കര മുഹമ്മദ് കുട്ടി എന്ന വി.എം. കുട്ടി |
| 12.17 pm | ബഹു. ചാൻസലറുടെ ബിരുദദാനപ്രഭാഷണം |
| 12.28 | ദേശീയഗാനം |
| 12.30 | മടക്കഘോഷയാത്ര |

ബിരുദദാനച്ചടങ്ങ് മലയാളസർവകലാശാലയുടെ അക്ഷരം യൂട്യൂബ് ചാനലിൽ തത്സമയം കാണുന്നതിനായി QR Code സ്കാൻ ചെയ്യുക.

## ജ്ഞാനപീഠജേതാവും മഹാകവിയുമായ അക്കിത്തം അച്യുതൻ നമ്പൂതിരി



കേരളത്തിലെന്നല്ല ഭാരതത്തിൽത്തന്നെ ജീവിച്ചിരുന്ന സാഹിത്യകാരൻമാരിൽ അഗ്രപൂജ്യനാണ് മഹാകവി അക്കിത്തം. എഴുപതിലേറെ വർഷങ്ങളായി തന്റെ മഹത്തായ രചനകളിലൂടെ മലയാളഭാഷയ്ക്കും സാഹിത്യത്തിനും നിസ്തുലമായ സംഭാവനകൾ നൽകിയ മഹത്വ്യക്തിയാണ് അദ്ദേഹം. വർഗ്ഗസംഘർഷങ്ങളുടെ പടനിലങ്ങൾ വെടിഞ്ഞ് വർഗാതീതനായ സമഗ്രമനുഷ്യന്റെ സ്നേഹദുഃഖങ്ങൾ തേടി അദ്ദേഹത്തിന്റെ കവിതയാത്രയാരംഭിച്ചു. സ്നേഹത്തിലൂടെ നിരന്തരം നവീകരിക്കുകയും ദുഃഖത്തിലൂടെ നിരന്തരം ശുദ്ധീകരിക്കുകയും ചെയ്യുന്ന മനുഷ്യാത്മാക്കളുടെ കഥകളാണ് അദ്ദേഹത്തിന്റെ പ്രധാന കവിതകളെല്ലാം. സോപാധികത്തിൽ നിന്നും നിരുപാധികത്തിലേക്കും വ്യക്തിയിൽ നിന്നും പ്രപഞ്ചത്തിലേക്കുമുള്ള ആത്മവികാസമാണ് തന്റെ ജീവിതത്തിലൂടെയും രചനകളിലൂടെയും കവി നേടിയെടുത്തത്. ഇന്റർമീഡിയറ്റിനെത്തുടർന്ന് അച്ഛനിൽ നിന്നും ആചാര്യൻമാരിൽ നിന്നും മറ്റും ഋഗ്വേദം, സംസ്കൃതം, ജ്യോതിഷം എന്നിവ അഭ്യസിക്കുകയുണ്ടായി. കവിത, ചെറുകഥ, നാടകം, വിവർത്തനം എന്നീ മേഖലകളിലായി 46 ഓളം കൃതികൾ അക്കിത്തം രചിച്ചിട്ടുണ്ട്. മലയാളകവിതയിലെ നവോത്ഥാനത്തിന്റെ പ്രതിനിധിയെന്നു വിശേഷിപ്പിക്കാവുന്ന മഹാകവി അക്കിത്തം ഭാരതീയ സാഹിത്യത്തിലെ പരമോന്നത ബഹുമതിയായ ജ്ഞാനപീഠം കരസ്ഥമാക്കിയ വ്യക്തിയാണ്. ഇതിനുപുറമേ പത്മപ്രഭാപുരസ്കാരം, എഴുത്തച്ഛൻ പുരസ്കാരം, മാതൃഭൂമി സാഹിത്യപുരസ്കാരം, വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ് തുടങ്ങി ഒട്ടേറെ ബഹുമതികൾ പത്മശ്രീ അക്കിത്തം അച്യുതൻ നമ്പൂതിരിയെ തേടിയെത്തിയിട്ടുണ്ട്. പരേതയായ ശ്രീദേവി അന്തർജനമാണ് ഭാര്യ. ആറ് മക്കളുണ്ട്.

## ശ്രീ സി. രാധാകൃഷ്ണൻ



നോവലിസ്റ്റ്, കഥാകൃത്ത്, ചലച്ചിത്രകാരൻ എന്നിങ്ങനെ വിവിധ നിലകളിൽ അറിയപ്പെടുന്ന സി. രാധാകൃഷ്ണൻ മലയാളസാഹിത്യലോകത്തെ അതുല്യപ്രതിഭയാണ്. ശാസ്ത്രജ്ഞനായും അദ്ദേഹം കർമ്മമണ്ഡലത്തിൽ ശോഭിച്ചിട്ടുണ്ട്. പത്രപ്രവർത്തനവും എഴുത്തും പിന്നീട് മുഖ്യകർമ്മമണ്ഡലമായി. സമ്പത്തിനാലും അധികാരത്തിനാലും ശാസ്ത്രത്തിനാലും നിർണയിക്കപ്പെടുന്ന ലോകത്തിൽ നിസ്സഹായമായിപ്പോകുന്ന മനുഷ്യാത്മാക്കളുടെ വിധി വിഹിതങ്ങളെ അത്യാഗാധമായ ഉൾക്കാഴ്ച്ചയോടെ ആവിഷ്കരിച്ച മഹാകാഥികനാണ് ശ്രീ സി. രാധാകൃഷ്ണൻ. അനുതാപത്തിന്റെയും കാരുണ്യത്തിന്റെയും നിറകൺചിരി അദ്ദേഹത്തിന്റെ കൃതികളെ പ്രോജ്ജ്വലമാക്കുന്നു. വള്ളുവനാടൻ ഗ്രാമവും മഹാനഗരവും മാറിമാറി വരുന്ന പശ്ചാത്തലം സി. രാധാകൃഷ്ണന്റെ കൃതികൾക്ക് തനിമയാർന്ന വ്യക്തിത്വം നൽകുന്നു. മനഃശാസ്ത്രത്തിന്റെയും ഭൗതികശാസ്ത്രത്തിന്റെയും ഉൾക്കാഴ്ചകൾ അവയുടെ ആകർഷകത്വം വർദ്ധിപ്പിക്കുന്നു. സി. രാധാകൃഷ്ണന്റെ കൃതികൾ പല ഇന്ത്യൻ ഭാഷകളിലേക്കും വിദേശഭാഷകളിലേക്കും വിവർത്തനം ചെയ്തിട്ടുണ്ട്. നാൽപതിലധികം പുസ്തകങ്ങളുടെ ഗ്രന്ഥകർത്താവാണ് അദ്ദേഹം. ജ്ഞാനപീഠം ട്രസ്റ്റിന്റെ മൂർത്തീദേവി അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം, കേരള/കേന്ദ്ര സാഹിത്യഅക്കാദമി പുരസ്കാരം, വയലാർ അവാർഡ് എന്നിങ്ങനെ ഇന്ത്യയിലെ സുപ്രധാന പുരസ്കാരങ്ങളെല്ലാം ഈ എഴുത്തുകാരനെ തേടിയെത്തിയിട്ടുണ്ട്. വത്സലയാണ് ഭാര്യ. ഒരു മകനുണ്ട്.

## പ്രൊഫ. സ്കറിയ സക്കറിയ



ഗവേഷകൻ, ഗ്രന്ഥകർത്താവ്, എഡിറ്റർ, അദ്ധ്യാപകൻ എന്നീ നിലകളിൽ മലയാളഭാഷയ്ക്കും സാഹിത്യത്തിനും മൗലികമായ സംഭാവനകൾ നൽകിയ പണ്ഡിതനാണ് ഡോ. സ്കറിയ സക്കറിയ. ട്യൂബിംഗൻ സർവകലാശാലയിൽ ഗുണ്ടർട്ടിന്റെ ഗ്രന്ഥ ശേഖരം കണ്ടെത്തിയതിൽ അദ്ദേഹം വലിയ പങ്കു വഹിച്ചു. ട്യൂബിംഗൻ സർവകലാശാലയിൽ മലയാളസർവകലാശാല ഏർപ്പെടുത്തിയിട്ടുള്ള ഹെർമൻ ഗുണ്ടർട്ട് ചെയറിന്റെ ആദ്യ പ്രൊഫസറാണ് അദ്ദേഹം. നൂറ്റിയെൺപതിലധികം ലേഖനങ്ങളുടെ രചയിതാവും മുപ്പതിലധികം പുസ്തകങ്ങളുടെ ഗ്രന്ഥകർത്താവുമാണ് പ്രൊഫസർ സ്കറിയ സക്കറിയ. നിരവധി വൈജ്ഞാനിക പ്രബന്ധങ്ങളും പരിഭാഷാകൃതികളും അദ്ദേഹത്തിന്റേതായുണ്ട്. ലക്ചറർ, റീഡർ, പ്രൊഫസർ എന്നിങ്ങനെ വിവിധ നിലകളിലായി 30 ഓളം വർഷത്തെ അദ്ധ്യാപനപരിചയം പ്രൊഫസർ സ്കറിയ സക്കറിയയുടെ കൈമുതലാണ്. ഭാഷാചാര്യ പുരസ്കാരം, ഐ.സി ചാക്കോ അവാർഡ്, മികച്ച യൂണിവേഴ്സിറ്റി അദ്ധ്യാപകനുള്ള പ്രൊഫ. പി.കെ.ബി. നായർ അവാർഡ് എന്നിവ അദ്ദേഹത്തിന് ലഭിച്ച അനേകം ബഹുമതികളിൽ ചിലത് മാത്രമാണ്. പ്രാചീന മിഷനറിമലയാളഗദ്യത്തിന്റെ വ്യാകരണ വിശകലനം എന്ന വിഷയത്തിൽ ഗവേഷണ ബിരുദം നേടിയ അദ്ദേഹം അമേരിക്കൻ ലൈബ്രറി കോൺഗ്രസ്, ഹാർവാർഡ് സർവകലാശാല, ഓക്സ്ഫോർഡ് സർവകലാശാല എന്നിവിടങ്ങളിൽ പ്രത്യേകക്ഷണിതാവെന്ന നിലയിൽ പൊതുപ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. മേരിക്കുട്ടിയാണ് ഭാര്യ. രണ്ട് മക്കളുണ്ട്.

## ശ്രീ വി.എം. കുട്ടി



മാപ്പിളപ്പാട്ട് ഗായകനെന്ന നിലയിൽ കേരളത്തിലെ പഴയതും പുതിയതുമായ തലമുറകൾക്ക് ഒരുപോലെ സുപരിചിതനാണ് വടക്കുങ്ങര മുഹമ്മദ് കുട്ടി എന്ന വി.എം. കുട്ടി. മാപ്പിളപ്പാട്ടിനെക്കുറിച്ച് ആധികാരികമായി എഴുതുകയും പ്രഭാഷണം നടത്തുകയും ചെയ്യുന്ന വി.എം. കുട്ടി കേരളീയ കലാമേഖലയ്ക്ക് നൽകിയ സംഭാവനകൾ വിലമതിക്കാനാവാത്തവയാണ്. മെട്രിക്കുലേഷനും ടി.ടി.സി.യും പാസ്സായ അദ്ദേഹം അദ്ധ്യാപകനായി സേവനമനുഷ്ഠിച്ച് കൊണ്ടിരിക്കെ ഗാനാലാപനം, അഭിനയം, ചിത്രരചന എന്നീ കലകളിൽ അതീവതാൽപര്യം പ്രദർശിപ്പിക്കുകയുണ്ടായി. കോഴിക്കോട് ആകാശവാണിയിൽ മാപ്പിളപ്പാട്ട് അവതരിപ്പിച്ചുകൊണ്ടാണ് കലാരംഗത്തേക്ക് ആദ്യമായി കടന്നുവന്നത്. മാപ്പിളപ്പാട്ട് കൂടാതെ ഓണപ്പാട്ട്, കുമ്മിപ്പാട്ട്, കുറത്തിപ്പാട്ട് എന്നീ നാടൻ ഗാനമേഖലകളിലും പ്രാവീണ്യം സിദ്ധിച്ചിട്ടുള്ള മഹത്വ്യക്തിത്വമാണ് വി.എം. കുട്ടി. മൈലാഞ്ചി, പതിനാലാം രാവ്, ഉൽപ്പത്തി, സമ്മാനം, മാന്യമഹാജനങ്ങളെ, സമ്മേളനം, 1921, മാർക്ക് ആന്റണി എന്നീ ചലച്ചിത്രങ്ങളിൽ അദ്ദേഹം പിന്നണി പാടുകയുണ്ടായി. കേരള ചലച്ചിത്ര അക്കാദമിയുടെ ജനറൽ കൗൺസിൽ അംഗം, കേരള ഫോക്‌ലോർ അക്കാദമിയുടെ വൈസ് ചെയർമാൻ, കേരള സംഗീതനാടക അക്കാദമി അംഗം എന്നീ നിലകളിൽ വി.എം. കുട്ടി പ്രവർത്തിച്ചിട്ടുണ്ട്. ഇരുപതോളം കൃതികളുടെ രചയിതാവുകൂടിയാണ് ശ്രീ വി.എം. കുട്ടി. മാപ്പിളപ്പാട്ടുകൾ ഏതെങ്കിലും ഒരു പ്രത്യേക സമുദായത്തിൽ മാത്രം ഒതുങ്ങി നിൽക്കരുതെന്ന് അഭിലഷിച്ച അദ്ദേഹം പാടാൻ കഴിവുള്ള എല്ലാ സമുദായക്കാരായ കുട്ടികളെയും ചേർത്ത് മാപ്പിളപ്പാട്ട് സംഘമുണ്ടാക്കി. ഭാവപൂർണമായ പാട്ടുകളിലൂടെ മാപ്പിളപ്പാട്ടുകളെ ജനകീയമാക്കുന്നതിൽ മുഖ്യപങ്കുവഹിച്ചത് വി.എം. കുട്ടിയാണ്. മാപ്പിളപ്പാട്ടിനു പൊതുവേദികളിൽ സ്ഥാനം ലഭിച്ചതും വി.എം. കുട്ടിയുടെ ഇടപെടലുകൾ കൊണ്ടാണ്.

## നിർദ്ദേശങ്ങൾ

- ഈ ക്ഷണപത്രവുമായി രംഗശാലയിൽ രാവിലെ 11 മണിക്ക് മുമ്പായി പ്രവേശിക്കേണ്ടതാണ്.
- ബിരുദദാനച്ചടങ്ങിൽ ചെറിയകുട്ടികൾക്ക് പ്രവേശനം ഉണ്ടായിരിക്കുന്നതല്ല.
- അക്കാദമികഘോഷയാത്ര രംഗശാലയിൽ പ്രവേശിക്കുമ്പോൾ ഹാളിൽ സന്നിഹിതരായ മുഴുവൻപേരും ബഹുമാനപുരസരം എഴുന്നേറ്റു നിൽക്കേണ്ടതും ബഹു. ചാൻസലർ, പ്രോ-ചാൻസലർ, പൊതുസഭാംഗങ്ങൾ എന്നിവർ അവരവരുടെ സ്ഥാനങ്ങളിൽ ഉപവിഷ്ടരായതിനുശേഷം ഇരിക്കേണ്ടതുമാണ്.
- അതുപോലെ മടക്കഘോഷയാത്രയിലും ബഹു. ചാൻസലർ അടക്കമുള്ള മേൽപറഞ്ഞവർ രംഗശാല വിട്ടുകഴിയുന്നതു വരെയും ബഹുമാനപുരസരം എഴുന്നേറ്റ് നിൽക്കേണ്ടതാണ്.
- ബിരുദദാനച്ചടങ്ങിന്റെ തുടക്കം മുതൽ ഒടുക്കം വരെ മൊബൈൽ ഫോൺ നിശബ്ദമാക്കി വെക്കേണ്ടതും ചടങ്ങിൽ ഉടനീളം നിശബ്ദത പാലിക്കേണ്ടതുമാണ്.
- സദസ്യർ രംഗശാലയിൽ പ്രവേശിച്ചതുമുതൽ ബിരുദദാനച്ചടങ്ങ് തീരുന്നതു വരെ ഹാളിൽ നിന്നു പുറത്തുപോകാൻ പാടുള്ളതല്ല.
- ഈ ക്ഷണപത്രം മറ്റാർക്കും കൈമാറാൻ പാടുള്ളതല്ല.

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

തിരൂർ, മലപ്പുറം, കേരള – 676 502.
ഫോൺ : 0494 2631230
e-mail: info@temu.ac.in
www.malayalamuniversity.edu.in